(സി) 2014 ഏപ്രിൽ 1-ന് ശേഷം പേഴ്സണൽ സ്റ്റാഫിൽ എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിനെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 2014 ഏപ്രിൽ 1-ന് ശേഷം പേഴ്സണൽ സ്റ്റാഫിൽ 34 പേരെ പുതുതായി നിയമിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവിന്റെ ഓഫീസിലെയും ഔദ്യോഗിക വസതിയിലെയും ചെലവുകൾ

26 (26) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക ലഭ്യമാക്കുമോ ;

(ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ ;

(സി) ഔദ്യോഗിക വസതിയിലേയ്ക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽനിന്ന് ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ആകെ 70,70,601 രൂപ ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ഫർണീച്ചർ റിപ്പയറിംഗും പോളീഷിംഗും - 1,62,736

2. കർട്ടൻ ഫിറ്റിംഗ്സ് - 1,39,806

3. അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 50,37,827 രൂപയും ഇലക്ട്രിക്കൽ ഇനത്തിൽ 17,30,232 രൂപയും ചെലവായിട്ടുണ്ട്.

(ബി) ടെലിഫോൺ ചാർജ്ജിനത്തിൽ 31-10-2014 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു:

ഓഫീസ്	- 3,17,517 രൂപ
വസതി	- 1,50,854 രൂപ
മൊബൈൽ ഫോൺ	- 25,311 രൂപ
ആകെ	- 4,93,682 രൂപ

അതിഥി സൽക്കാരത്തിനായി 94,962 രൂപയും, യാത്രാബത്ത ഇനത്തിൽ 3,65,259 രൂപയും ചെലവായിട്ടുണ്ട്.

(സി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി ആകെ 10,97,222 രൂപ ചെലവായിട്ടുണ്ട്

(ഡി) 24-5-2013-ലെ സർക്കാർ ഉത്തരവ്. (സാധാ.) നമ്പർ 4263/13/പൊ.ഭ.വ. പ്രകാരം പ്രസ് സെക്രട്ടറി, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി, പി.എ. എന്നീ തസ്തികകളിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. കെ. ബാലകൃഷ്ണൻ, ശ്രീ. വി. കെ. ശശിധരൻ, ശ്രീ. എ. സുരേഷ് എന്നിവരെ 31-5-2013 തീയതി അടിസ്ഥാനമാക്കിയും ക്ലാർക്ക് തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. കെ. എസ്. സജിത്തിനെ 24-5-2013 തീയതിയിലെ സ.ഉ.(സാധാ.) നമ്പർ 4264/2013/പൊ.ഭ.വ. പ്രകാരം 30-4-2013 തീയതി അടിസ്ഥാനമാക്കിയും വിടുതൽ ചെയ്തിട്ടുണ്ട്.

കാബിനറ്റ് അജണ്ട

27 (27) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കാബിനറ്റ് പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തിവന്ന കാര്യങ്ങൾ എത്ര ; ഔട്ട് ഓഫ് അജണ്ടയിൽ പരിഗണനയ്ക്ക് വന്ന കാര്യങ്ങൾ എത്ര ; വ്യക്തമാക്കാമോ ;

(ബി) ഇവയിൽ തീരുമാനം എടുത്തത് എത്ര ; തീരുമാനം എടുക്കാതെ മാറ്റിവയ്ക്കപ്പെട്ടവ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly